നം:ICDS.A6-14555/12

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 03.04.2013

# പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന പദ്ധതി - സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി-സ്കൂൾ കൗൺസിലർ-വേനലവധി-പ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. സ.ഉ. (സാധാ) നം. 181/2010/സാക്ഷേവ തീയതി 27.03.2010
2. സ.ഉ. (സാധാ) നം. 535/2009/സാക്ഷേവ തീയതി 03.11.2009.
3.18.04.2009 ലെ 3049/B1/2009//സാക്ഷേവ നം. സർക്കാർ കത്ത്
4. 21.03.13 ലെ ഈ കാര്യാലയത്തിലെ ICDS -A5/3131/13 നം. പരിപത്രം

സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരുടെ വേനലവധി സമയത്തുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ JPHN മാർ ഉൾക്കൊള്ളുന്ന പരിപാടികളിലും കൗൺസിലർമാർ പങ്കെടുക്കണമെന്ന നിർദ്ദേശം സൂചന (3) പ്രകാരവും നൽകിയിട്ടുണ്ട്.

മേൽസൂചന (2) (3) പ്രകാരമുള്ള അവധിയല്ലാതെ മറ്റ് അവധികളൊന്നും അനുവദിക്കാൻ പാടില്ല. മറ്റ് അവധികളിൽ പ്രവേശിച്ചിരിക്കുന്ന കൗൺസിലർമാർ തിരികെ ജോലിയിൽ ഹാജരാകുവാൻ CDPO നിർദ്ദേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലിസ്റ്റിൽ നിന്നും അടുത്തയാളെ തൽസ്ഥാനത്ത് നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ കൗൺസിലർമാർ ഇല്ലാത്ത സ്കൂളുകളിൽ അടിയന്തിരമായി നിയമനം നടത്തുവാൻ വേണ്ടതായ നടപടി ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്. മേൽ നടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന പടപടി സ്വീകരിക്കുന്നതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർ

സ്കൂൾ കൗൺസിലിംഗ് പദ്ധതി നിലവിലുള്ള
ശിശുവികസന പദ്ധതി ഓഫീസർമാർക്ക്

പകർപ്പ്:

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും

tss